Vol-1,N0:27
20-10-2007

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Vice-Chairmen**
Archbishop Dr. Daniel Acharuparambil
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Chairman**
Archbishop Mar Joseph Powathil
**Commission Secretary**
Fr. Johny Kochuparambil mst

# ജാഗ്രത

## പ്രധാനവാർത്തകൾ

01. പാർട്ടി സെക്രട്ടറിയുടെ പ്രസ്താവന പ്രതിഷേധാർഹം : കെ. സി. ബി. സി
02. മതവിശ്വാസത്തെ അവഹേളിക്കുന്നത് അവസാനിപ്പിക്കണം (സംയുക്ത പ്രസ്താവന)
03. പിണറായി വിജയന്റെ പ്രസ്താവന സാംസ്ക്കാരിക അധഃപതനമെന്ന് ഐക്യ-ജാഗ്രതാ കമ്മീഷൻ
04. താമരശേരി രൂപതയിൽ പ്രതിഷേധ പ്രകടനം
05. തെരഞ്ഞെടുപ്പുകാലത്തും ഇങ്ങനെ പറയുമോയ?: ഡോ. സൂസൈപാക്യം.
06. ക്രൈസ്തവർക്കേറ്റ വൈദ്യുതാഘാതം : മാർ കല്ലറങ്ങാട്ട്
07. പിണറായിയുടെ പ്രസ്താവന അപമാനകരം : മാർ പവ്വത്തിൽ
08. രഹസ്യമായി സഹായമഭ്യർത്ഥിച്ചവർ പരസ്യമായി അധിഷേപിക്കുന്നത് കാപട്യം
09. പിണറായിയുടെ പരമാമർശത്തിനെതിരെ തിരുവമ്പാടിയിൽ പടുകൂറ്റൻ റാലി.

## 01. പാർട്ടി സെക്രട്ടറിയുടെ പ്രസ്താവന പ്രതിഷേധാർഹം: കെ. സി. ബി. സി

കേരളം ഭരിക്കുന്ന കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ മതവികാരത്തെ വ്രണപ്പെടുത്തുന്ന രീതിയിൽ മതമേലധ്യക്ഷന്മാരെ അധിക്ഷേപിച്ചു പറഞ്ഞത് പ്രതിക്ഷേധാർഹമാണെന്ന് കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ പ്രസിഡന്റ് ബിഷപ്പ് ജോർജ്ജ് പുന്നക്കോട്ടിലും സെക്രട്ടറി ജനറൽ ബിഷപ്പ് വർഗീസ് ചക്കാലയ്ക്കലും സംയുക്ത പ്രസ്താവനയിൽ കുറ്റപ്പെടുത്തി.

ക്രൈസ്തവ മേലധ്യക്ഷന്മാരെ സമൂഹത്തിന്റെ മുമ്പിലും വിശ്വാസികളുടെ മുമ്പിലും മോശക്കാരായി ചിത്രീകരിക്കാൻ കമ്മ്യൂണിസ്റ്റ് പാർട്ടി തീവ്രമായി പരിശ്രമിക്കുകയാണ്. വിശ്വാസികളുടെ ഹൃദയങ്ങളിൽ മതമേലധ്യക്ഷന്മാരെ രാഷ്ട്രീയനേതാക്കൾക്ക് തുല്യരാക്കുന്നത് സാംസ്കാരിക കേരളത്തിലെ ജനങ്ങൾക്ക് ഉൾക്കൊളളാനാവില്ല. ക്രിയാത്മകമായ സംവാദത്തിന് സാധ്യമല്ലാത്ത രീതിയിൽ നുണപ്രചരണം നടത്തുക ആഗോള കമ്മ്യൂണിസത്തിന്റെ തന്നെ ശൈലിയാണ്. രഹസ്യമായി മെത്രാസന മന്ദിരത്തിലെത്തി മെത്രാന്മാരെയും വൈദികരെയും കാണുകയും പരസ്യമായി സഭയെയും സഭാമേലധ്യക്ഷന്മാരെയും താറടിച്ചു കാണിക്കുകയും ചെയ്യുന്ന സി. പി. എമ്മിന്റെ ഇരട്ടത്താപ്പുനയം ജനാധിപത്യപാർട്ടിയെന്ന് അവകാശപ്പെടുന്നവർക്ക് ചേരാത്തവയാണ്. രാഷ്ട്രീയനേതാക്കൾ അവതരിപ്പിക്കുന്ന ശൈലിയിലും ശക്തിയിലും പ്രതികരിക്കാൻ ആത്മീയ നേതൃത്വത്തിന് ഒരിക്കലും സാധിക്കില്ലെന്നു കരുതി തത്പരകക്ഷികൾ നടത്തുന്ന വാദപ്രതിവാദങ്ങൾ സത്യമെന്ന് വിശ്വസിക്കുന്നവർ മൂഢസ്വർഗ്ഗത്തിലാണ്. ഇടതുപക്ഷപാർട്ടികളും അവരുടെ പോഷകസംഘടനകളും സഭയ്ക്കും സഭാസ്ഥാപനങ്ങൾക്കും നേരേ നടത്തുന്ന അക്രമരാഷ്ട്രീയം അതീവ ഗുരുതരമായാണ് മെത്രാൻ സമിതി വിലയിരുത്തുന്നത്. കഴിഞ്ഞ ദിവസം പാല സെന്റ് തോമസ് കോളേജിൽ എസ്. എഫ്. ഐ നടത്തിയതുപോലുളള അക്രമം തുടരുകയാണെങ്കിൽ ഇടതുപക്ഷ സർക്കാരിനെതിരായും പാർട്ടിക്കെതിരായും ശക്തമായ പ്രതിഷേധ പരിപാടികൾ കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കേണ്ടതായി വരുമെന്ന് കെ. സി. ബി. സി ഔദ്യോഗിക വക്താവ് റവ. ഡോ. സ്റ്റീഫൻ ആലത്തറ അറിയിച്ചു.

## 02. മതവിശ്വാസത്തെ അവഹേളിക്കുന്നത് അവസാനിപ്പിക്കണം (സംയുക്ത പ്രസ്താവന)

രാഷ്ട്രീയ പ്രവർത്തനത്തിന്റെ താപം പ്രതിഫലിക്കുന്ന വാക്കുകൾക്ക് പുതുമയില്ലെങ്കിലും നമ്മുടെ സംസ്കൃതിയുടെ അടിസ്ഥാനശിലകൾക്ക് ഇളക്കം സംഭവിച്ചുകൂടെന്ന് സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ, വരാപ്പുഴ ആർച്ച് ബിഷപ് ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ, മലങ്കര കത്തോലിക്കാ സഭയുടെ പരമാധ്യക്ഷൻ മേജർ ആർച്ച് ബിഷപ് ബസേലിയോസ് മാർ ക്ലീമിസ് കതോലിക്കാബാവ എന്നിവർ പുറപ്പെടുവിച്ച സംയുക്ത പ്രസ്താവനയിൽ ആഹ്വാനം ചെയ്തു.

നൂറ്റാണ്ടുകളിലൂടെ രൂപപ്പെട്ട മഹനീയമായ കേരളസംസ്ക്കാരത്തിന് കളങ്കം ചാർത്തുന്ന രീതിയിൽ ചില ജനനായകർ സംസാരിച്ചുതുടങ്ങുന്നത് ആശങ്കയോടുകൂടെ മാത്രമേ കേരള ജീവിതത്തിന്റെ സമസ്ത മേഖലകളിലും നവോത്ഥാനത്തിനുവേണ്ടി നിലകൊള്ളുന്ന കത്തോലിക്ക സഭയ്ക്ക് കാണാൻ കഴിയുകയുള്ളു. പിണറായി വിജയൻ നടത്തിയ സഭ്യമല്ലാത്ത പ്രയോഗങ്ങൾ നമ്മുടെ സംസ്ക്കാരത്തിന് നിരക്കാത്തതാണ്. ഇതിലെ അസഹിഷ്ണുതയും അന്തസ്സില്ലായ്മയും നമ്മുടെ സമൂഹം തിരിച്ചറിയുകയും തിരസ്ക്കരിക്കുകയും വേണം. ഈ സാംസ്ക്കാരിക അധഃപതനത്തിലൂടെ നിരാശയും ദുഃഖവും നിറഞ്ഞ പ്രതിഷേധം ജനപക്ഷത്തുനിന്നു ഉണ്ടാകണം. അനിഷേധ്യമായ ഒരു സത്യം പറഞ്ഞ പിതാവിനെ യു.ഡി. എഫ് അനുഭാവിയാക്കാനും, അസത്യം പറഞ്ഞയാളാക്കാനും പിണറായി വിജയൻ ശ്രമിച്ചത് തികച്ചും അപലപനീയമാണ്. ഇതിനു പുറമേ അദ്ദേഹം പ്രയോഗിച്ച പദപ്രയോഗങ്ങൾ പുനർവിചിന്തനത്തിന് വിധേയമാക്കി പിൻവലിക്കേണ്ടതാണ്. മരണത്തെ അഭിമുഖീകരിച്ച വേളയിൽ സഭയോടുകാണിക്കുന്ന വൈകാരിക അടുപ്പം ഒരു വിശ്വാസിയുടെ അവകാശമാണ്. മാനുഷീകവും ഭരണഘടനാപരവുമായ ഈ അവകാശം നിഷേധിക്കുന്ന വിജയൻ പലപ്പോഴായി ഉയർത്തികാട്ടുന്ന മതേതരത്വവും ന്യൂനപക്ഷ സ്നേഹവും വിശ്വാസയോഗ്യമല്ലെന്ന് ഞങ്ങൾ തിരിച്ചറിയുന്നു. സഭയുടെ പിതാക്കന്മാർക്ക് അവരുടെ ആത്മീയവും മാനുഷീകവും കാനോനികവുമായ ദൗത്യത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുണ്ട്. കൃത്യനിർവ്വഹണത്തിൽ ഭരണഘടന അനുവദിക്കുന്ന അതിർ വരമ്പുകൾ അവർ ലംഘിക്കാറുമില്ല.

മൃത്യുവിന്റെ കവാടത്തിനു മുന്നിൽ എത്തി നിൽക്കുന്ന ഒരു വിശ്വാസിയോട് കണക്കുപറഞ്ഞ് രക്ഷയുടെ വരദാനം സഭ ഒരിക്കലും നിഷേധിക്കില്ല. ജീവിത കാലത്തെടുത്ത സമീപനങ്ങളുടെ പേരിൽ ഒരു വിശ്വാസിയും സഭാശുശ്രൂഷയുടെ അവകാശമില്ലാത്തവനാകുന്നില്ല. ഇതുകൂടാതെ വിശ്വാസിയുടെ കുടുംബത്തിന്റെ വിചാരവികാരങ്ങളും സഭ മാനിക്കുന്നു. ഇത്രയേ പരേതനായ മത്തായി ചാക്കോ എം. എൽ. യുടെ കാര്യത്തിലും സംഭവിച്ചിട്ടുള്ളു. കത്തോലിക്കാ സഭയുടെ അനുഷ്ഠാനങ്ങളെക്കുറിച്ചുള്ള അജ്ഞതയും വിശ്വാസത്തിന്റെ ശക്തിയെക്കുറിച്ചുള്ള അറിവില്ലായ്മയും കൊണ്ട് ഒരു വ്യക്തി നടത്തുന്ന പ്രസ്താവനയായി മാത്രം കാണാത്തതുകൊണ്ടാണ് ഈ പ്രതികരണം പൊതുസമൂഹത്തിനു മുന്നിൽ വയ്ക്കുന്നത്. സാംസ്ക്കാരിക മലിനീകരണം ഉയർത്തുന്ന അപകടങ്ങളെക്കുറിച്ചുള്ള ആശങ്കനിറഞ്ഞ അവബോധമാണ് മുഖ്യകാരണം. നയിക്കുന്നവരുടെയും നയിക്കപ്പെടുന്നവരുടേയും മനസ്സുകളിൽ നന്മ നിറയണമെന്ന് നിത്യവും ദിവ്യബലിയിൽ പ്രത്യേകം പ്രാർത്ഥിക്കുന്ന ഒരു മതവിഭാഗമാണ് ഞങ്ങളുടേത് എന്ന തിരിച്ചറിവും ഈ പ്രതികരണത്തിനുണ്ട്. ബൗദ്ധീകവും, ഭൗതീകവും, സാംസ്ക്കാരികവുമായ വളർച്ചയുടെ ഒരു പ്രത്യേക ഘട്ടത്തിൽ രാജ്യത്തിനു മുഴുവൻ മാർഗദീപം തെളിയിക്കുകയാണ് കേരളം. എന്നാൽ പലപ്പോഴും നമ്മുടെ പൊതുവേദികളിൽ നിന്നുയരുന്ന ഭാഷ്യത്തിന്റെ നിലവാരം കുറഞ്ഞുവരികയാണെന്നും സംയുക്തപ്രസ്താവനയിൽ പറയുന്നു.

## 03. പിണറായി വിജയന്റെ പ്രസ്താവന സാംസ്ക്കാരിക അധഃപതനമെന്ന് ഐക്യ-ജാഗ്രതാ കമ്മീഷൻ

മത്തായി ചാക്കോയുടെ പേരിൽ താമരശ്ശേരി ബിഷപ്പിനെ 'നികൃഷ്ടജീവി'യെന്ന് വിശേഷിപ്പിച്ച പിണറായി വിജയന്റെ പ്രസ്താവന ക്രൈസ്തവ വിശ്വാസികളുടെ മതവികാരത്തെ വ്രണപ്പെടുത്തിയെന്നും വിശ്വാസസമൂഹം തക്കസമയത്ത് തിരിച്ചടി നൽകുമെന്നും കെ. സി. ബി. സി ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ പ്രസ്താവിച്ചു. ആദരണീയരായ ആത്മീയനേതാക്കളെ ബഹുമാനിക്കാനുള്ള അടിസ്ഥാനസംസ്ക്കാരം പോലും പിണറായി വിജയന് നഷ്ടപ്പെട്ടിക്കുകയാണ്. പൊതുപ്രവർത്തകർ പാലിക്കേണ്ട അടിസ്ഥാനമര്യാദപോലും പാലിക്കുവാൻ അദ്ദേഹം തയ്യാറായില്ല. നിരീശ്വര പ്രസ്ഥാനത്തിൽ നിന്നും അണികൾ കൊഴിഞ്ഞുപോകുന്നതിലുള്ള ഭീതിയും വെപ്രാളവും കൊണ്ടാണ് ഇത്തരം സംസ്ക്കാരശൂന്യമായ പ്രസ്താവനകൾ നടത്തുന്നത്. ഒരു വശത്ത് സഭയോട് ചേർന്നു നിൽക്കുന്നുവെന്ന് വിളിച്ചുപറയുകയും മറുവശത്ത് സഭാനേതൃത്വത്തെ അവഹേളിക്കുകയും ചെയ്യുന്ന സി. പി. എമ്മിന്റെ രാഷ്ട്രീയ വൈരുദ്ധ്യങ്ങളാണ് പിണറായി വിജയന്റെ പ്രസ്താവനയിലൂടെ വെളിച്ചത്ത് വന്നിരിക്കുന്നത്.

മത്തായി ചാക്കോയ്ക്ക് രോഗീലേപനം നൽകിയെന്നുള്ളത് സത്യമാണ്. അത് പിണറായി വിജയൻ പത്തുപ്രാവശ്യം “ഇല്ലാ”യെന്നുവിളിച്ച് പറഞ്ഞാൽ സത്യമാകുന്നില്ലല്ലോ? എന്ന് കമ്മീഷൻ സെക്രട്ടറി ചോദിച്ചു. ക്രൈസ്തവ വിശ്വാസികൾ സി. പി. എമ്മിന്റെ യഥാർത്ഥ മുഖം തിരിച്ചറിഞ്ഞു. ഇനി നിരീശ്വരവാദത്തെ ഈ മണ്ണിൽ വളരാൻ ക്രൈസ്തവവിശ്വാസികൾ അനുവദിക്കില്ല. പാർട്ടി നേതൃത്വം കുറച്ചുനാളുകളായി കത്തോലിക്കാ സഭയെ അധിക്ഷേപിച്ചുകൊണ്ടിരിക്കുയാണ്. എന്നാൽ, അതിന്റെ പ്രത്യാഘാതം വളരെ വലുതായിരിക്കുമെന്ന് എല്ലാവരും മനസ്സിലാക്കണം. സഭാനേതൃത്വത്തെ അധിക്ഷേപിക്കുന്ന നിരീശ്വരവാദികൾക്കെതിരെ അതീവജാഗ്രത പുലർത്തണമെന്നും ശക്തമായ പ്രതിഷേധപരിപാടികൾ നടത്തണമെന്നും കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ ആഹ്വാനം ചെയ്തു.

04. **താമരശേരി രൂപതയിൽ പ്രതിഷേധ പ്രകടനം** (Mangalam 15-10-2007)

താമരശേരി രൂപതാ ബിഷപ്പ് മാർ പോൾ ചിറ്റിലപ്പിള്ളിയെക്കുറിച്ചു സി. പി. എം സംസ്ഥാന സെക്രട്ടറി പിണറായി വിജയന്റെ പ്രസ്താവനയ്ക്കെതിരേ താമരശ്ശേരി രൂപതയിൽ വൻ പ്രതിഷേധം. തിരുവമ്പാടി, പാറോപ്പടി എന്നിവിടങ്ങളിൽ സഭാ വിശ്വാസികൾ പ്രതിഷേധ റാലി നടത്തി. രൂപതയ്ക്ക് കീഴിലെ മുഴുവൻ പള്ളികളിലും പിണറായിയുടെ പ്രസ്താവനയ്ക്കെതിരേ ഞായറാഴ്ച കുർബാനയിൽ പ്രതിഷേധമുയർന്നു. സി. പി. എമ്മിന്റെ ഭാഗത്തു നിന്നു സഭാവിശ്വാസികളെയും മതമേലധ്യക്ഷൻമാരേയും പീഡിപ്പിക്കുന്ന തരത്തിലുള്ള സമീപനമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്നും ഇതിനെതിരേ വിശ്വാസികൾ ജാഗ്രത പുലർത്തണമെന്നും കുർബാന പ്രസംഗത്തിൽ ആഹ്വാനം ചെയ്തു.

പ്രസംഗത്തിനു ശേഷം കറുത്ത ബാഡ്ജ് ധരിച്ചു തിരുവമ്പാടിയിൽ സഭാ വിശ്വാസികൾ രണ്ടു ഘട്ടങ്ങളിലായി പ്രതിഷേധ റാലി നടത്തി. പുരുഷന്മാരും കുട്ടികളും വെവ്വേറെയാണ് റാലി നടത്തിയത്. ക്രൈസ്തവ സഭയുടെ പിതാവിനെ സ്വബോധമില്ലാത്തവനെന്നും മദ്യപാനിയെന്നും അധിക്ഷേപിച്ചു തെറ്റിദ്ധാരണ പരത്താൻ ശ്രമിച്ച പിണറായി വിജയൻ കേരള ജനതയോടു മാപ്പു പറയണമെന്നു വിശ്വാസികൾ ആവശ്യപ്പെട്ടു. സഭയെ അവഹേളിക്കാനുള്ള സി. പി. എമ്മിന്റെ ശ്രമത്തിനെതിരെ ഒന്നിച്ചു പോരാടാൻ റാലിയെ അഭിസബോധന ചെയ്തു പള്ളി വികാരിമാർ ആഹ്വാനംചെയ്തു. ആത്മീയാചാര്യന്മാരെ അവഹേളിച്ചു സംസാരിക്കുന്ന പ്രവണത ഇനിയെങ്കിലും പിണറായി ഉപേക്ഷിക്കണമെന്നു താമരശേരി കത്തീഡ്രൽ ഇടവക ഭരണ സമിതിയോഗം ആവശ്യപ്പെട്ടു. കോടികളുടെ കോഴ സി. പി. എമ്മിനു മറച്ചുവയ്ക്കുവാനാവുമെങ്കിലും വിശ്വാസികളുടെ മനസ്സിലുണ്ടായ മുറിവ് ഉണക്കാനാവില്ലെന്നു താമരശേരി രൂപതാ മാതൃവേദി അഭിപ്രായപ്പെട്ടു.

05. **തെരഞ്ഞടുപ്പുകാലത്തും ഇങ്ങനെ പറയുമോ?: ഡോ. സൂസൈപാക്യം.** (Deepika 16-10-2007)

തെരഞ്ഞെടുപ്പ് സമയത്ത് ഈശ്വരവിശ്വാസമില്ലെന്ന് ഉറപ്പിച്ച് പറയാൻ സി. പി. എമ്മുകാർക്ക് കഴിയണമെന്ന് തിരുവനന്തപുരം ആർച്ച് ബിഷപ് ഡോ. എം സൂസൈപാക്യം. മത്തായി ചാക്കോ കൂദാശ സ്വീകരിച്ചോ ഇല്ലയോ എന്നതല്ല, പിണറായിയുടെ കടുത്ത എതിർപ്പാണ് ഇപ്പോഴത്തെ പ്രശ്നം. എന്തുകൊണ്ടാണ് ഇത്ര വെറുപ്പെന്ന് മനസിലാകുന്നില്ല. പുറത്ത് ഒന്ന് പറയുകയും ഉള്ളിൽ മറ്റൊന്ന് സൂക്ഷിക്കുകയും ചെയ്യുന്ന കമ്മ്യൂണിസ്റ്റുകാരുടെ ഇരട്ടത്താപ്പാണ് ഇത് വെളിപ്പെടുത്തുന്നത്. ആരോപണങ്ങൾ ഒരിക്കലും സഭ കാര്യമായി എടുക്കാറില്ല. തന്നെ അവഹേളിച്ചവരോടു പൊറുക്കാനാണ് യേശു പറഞ്ഞത്. ഞങ്ങളും ഇവരോട് പൊറുക്കുന്നു. കമ്യൂണിസത്തിനു നല്ലവശം ഇല്ലാത്തതിനാലല്ല, ഇവരിലെ ഭൗതികവാദം, നിരീശ്വരവാദം, വർഗ്ഗസമരം തുടങ്ങിയവ മൂലമാണ് സഭ ഇവരെ എതിർക്കുന്നത്. ദൈവവിശ്വാസത്തെ ജീവനെക്കാളും പ്രാധാന്യം നൽകുന്നവരാണ് ക്രൈസ്തവർ.

06. **ക്രൈസ്തവർക്കേറ്റ വൈദ്യുതാഘാതം : മാർ കല്ലറങ്ങാട്ട്** (Deepika 16-10-2007)

മാർ പോൾ ചിറ്റിലപ്പള്ളിക്കെതിരായ പിണറായി വിജയന്റെ വാക്കുകൾ സംസ്ക്കാരശൂന്യവും പ്രാകൃതവുമാണെന്ന് പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ടും മാർ ജോസഫ് പള്ളിക്കാപ്പറമ്പിലും അഭിപ്രായപ്പെട്ടു. വൈദ്യുതാഘാതമേറ്റവരെപ്പോലെ നിൽക്കുന്ന പ്രതിഷേധം വളരെ ശക്തമാണ്. സഭയിലെ ഒരംഗത്തെ അപമാനിക്കുന്നത് ക്രൈസ്തവസഭയെ ആകെ അപമാനിക്കുന്നതിനു തുല്യമാണെന്നും കമ്യൂണിസത്തിന്റെ തകർച്ചയുടേയും ജീർണതയുടേയും വാക്കുകളായിട്ടു മാത്രമേ ഇതിനെ കേരള സമൂഹം

കാണുകയുള്ളൂവെന്നും അവർ പറഞ്ഞു. സാംസ്ക്കാരിക കേരളത്തിന് അപമാനം വരുത്തിവയ്ക്കുന്ന ക്രൈസ്തവ സമൂഹത്തെ വേദനിപ്പിക്കുന്ന ഇത്തരം സഭ്യേതരമല്ലാത്ത പ്രസ്താവന പിൻവലിച്ചു അദ്ദേഹം ചിറ്റിലപ്പിള്ളി പിതാവിനോടും സഭയോടും പരസ്യമായി മാപ്പുപറയണമെന്ന് ബിഷപ്പുമാർ സംയുക്തമായി പത്രക്കുറിപ്പിൽ ആവശ്യപ്പെട്ടു.

07. **പിണറായിയുടെ പ്രസ്താവന അപമാനകരം : മാർ പവ്വത്തിൽ** (Mangalam 15-10-2007)

മുൻ എം. എൽ. എ മത്തായി ചാക്കോ 'രോഗീലേപന' കൂദാശ സ്വീകരിച്ചെന്നു വ്യക്തമാക്കിയ താമരശ്ശേരി രൂപതാധ്യക്ഷൻ മാർ പോൾ ചിറ്റിലപ്പിള്ളിയെ അപമാനിക്കും വിധം സി. പി. എം സംസ്ഥാന സെക്രട്ടറി പിണറായി വിജയന്റെ പ്രസ്താവന സാംസ്ക്കാരിക കേരളത്തിനും അപമാനകരമാണെന്ന് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷന്റെ പ്രസിഡന്റ് ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ. ഇതു സി. പി. എം ഉയർത്തിപ്പിടിക്കുന്ന നിരീശ്വരവാദത്തിന്റെ അടയാളമാണ്. ഇതു തിരിച്ചറിയാൻ സഭാംഗങ്ങൾക്കും കേരളത്തിലെ ജനത്തിനും കഴിയുമെന്നും അദ്ദേഹം പറഞ്ഞു. ഇടയലേഖനം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടപ്പോഴും ജനങ്ങൾ മതമേലധ്യക്ഷന്മാർക്ക് പിന്നിലില്ലെന്നു പ്രഖ്യാപിച്ചപ്പോഴും ഉണ്ടായ തിരിച്ചടി പാർട്ടി സെക്രട്ടറി വിസ്മരിക്കുന്നതു ഖേദകരമാണെന്നും മാർ പവ്വത്തിൽ പറഞ്ഞു.

08. **രഹസ്യമായി സഹായമഭ്യർത്ഥിച്ചവർ പരസ്യമായി അധിക്ഷേപിക്കുന്നത് കാപട്യം: ആർച്ച് ബിഷപ്പ്.**
(Madhyamam 15-10-2007)

ക്രൈസ്തവ സഭാധ്യക്ഷന്മാരെ അധിക്ഷേപിക്കുന്ന രീതിയിൽ സി. പി. എം സംസ്ഥാന സെക്രട്ടറി തിരുവമ്പാടിയിൽ നടത്തിയ പ്രസ്താവന അപലപനീയമാണെന്ന് തലശ്ശേരി ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് വലിയമറ്റം. പിതാക്കന്മാരെ രഹസ്യമായി സന്ദർശിച്ച് സഹായമഭ്യർത്ഥിച്ച് പരസ്യമായി അധിക്ഷേപിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രാഷ്ട്രീയ കാപട്യം കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾ തിരിച്ചറിയണം. എന്തും വിളിച്ചുപറയാമെന്ന മാർക്സിസ്റ്റ് പാർട്ടി സെക്രട്ടറിയുടെ ധാർഷ്ട്യത്തെ ക്രൈസ്തവ സഭ ഒറ്റക്കെട്ടായി നേരിടുമെന്ന് അദ്ദേഹം പ്രസ്താവനയിൽ മുന്നറിയിപ്പ് നൽകി. രോഗിയോ രോഗികളുടെ അടുത്ത ബന്ധുക്കളോ ആവശ്യപ്പെടാതെ കത്തോലിക്ക സഭ രോഗിലേപനം എന്ന കൂദാശ പരികർമ്മം ചെയ്യാറില്ല. കൂദാശയുടെ പവിത്രതയെ ചോദ്യം ചെയ്ത പാർട്ടി സെക്രട്ടറിയുടെ പ്രസ്താവന ക്രൈസ്തവ വിശ്വാസത്തെ അധിക്ഷേപിക്കുന്നതും വിശ്വാസികളുടെ ഹൃദയത്തിൽ ആഴത്തിൽ മുറിവേല്പിക്കുന്നതുമാണ്. ഇത്തരം പ്രസ്താവനകൾ ഇടതു നേതാക്കളുടെ ക്രൈസ്തവ വിരോധമാണ് വെളിവാക്കുന്നത്. ആക്ഷേപാർഹമായ ഈ പ്രസ്താവനയ്ക്കെതിരെ സഭാ വിശ്വാസികൾ ജാഗ്രത പുലർത്തുകയും ശക്തമായി പ്രതിഷേധിക്കുകയും ചെയ്യണം. കത്തോലിക്കാ വിശ്വാസവും നിരീശ്വര-കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും തമ്മിൽ ഒരിക്കലും ഒത്തുപോകില്ലെന്ന സഭയുടെ പ്രഖ്യാപിത നയമാണ് ഈ സംഭവത്തിലൂടെ വ്യക്തമാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

09. **പിണറായിയുടെ പരമാമർശത്തിനെതിരെ തിരുവമ്പാടിയിൽ പടുകൂറ്റൻ റാലി.**
(Malayala Manorama 18-10-2007)

സി. പി. എം സംസ്ഥാന സെക്രട്ടറി പിണറായി വിജയന്റെ 'നികൃഷ്ടജീവി' പരാമർശത്തിൽ പ്രതിഷേധിച്ച് താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ തിരുവമ്പാടിയിൽ അരലക്ഷത്തോളം പേർ അണി നിരന്ന പടുകൂറ്റൻ റാലി. സി. പി. എം-നും ഈശ്വരവിശ്വാസികൾക്കും ഒരിക്കലും ഒന്നിച്ചു പോകാനാവില്ല എന്നാണ് സമീപകാലസംഭവങ്ങൾ തെളിയിക്കുന്നതെന്ന്പ്രതിഷേധ യോഗത്തിൽ പ്രസംഗിച്ചവർ വ്യക്തമാക്കി. രൂപതയുടെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളും പ്രതിഷേധ സൂചകമായി ഇന്നലെ അടഞ്ഞു കിടന്നു. തിരുവമ്പാടി സേക്രഡ് ഹാർട്ട് ദേവാലയ അങ്കണത്തിൽ നിന്ന് ആരംഭിച്ച റാലി ടൗൺ ചുറ്റി ഹൈസ്ക്കൂൾ മൈതാനത്തു സംഗമിച്ചു. പിണറായി വിജയൻ ബിഷപ്പിനോട് പരസ്യമായി മാപ്പു പറയണമെന്ന് റാലി ആവശ്യപ്പെട്ടു. മഴയെ കൂസാതെയാണ് മുദ്രാവാക്യങ്ങളുമായി പതിനായിരങ്ങൾ യോഗത്തിൽ പങ്കെടുത്തത്. സംഘാടകരുടെ പ്രതീഷയെപ്പോലും കവച്ചുവയ്ക്കുന്നതായിരുന്നു ജനകൂട്ടം.